1825
18/07/26

കളക്ടറേറ്റ് എറണാകുളം,
സിവിൽ സ്റ്റേഷൻ ബിൽഡിംഗ്, കാക്കനാട് - 682030
ഇമെയിൽ : nodalofficerekm.rev@kerala.gov.in
e-Office CRU ID : cru.dcekm@kerala.gov.in
ഫോൺ: 0484-2422292,2422294

| File : DCEKM/8183/2024-M1 | Date : #ApprovedDate# |
|---|---|

## നോട്ടീസ്

വിഷയം: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എറണാകുളം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള SC/ST സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് - സംബന്ധിച്ച്

സൂചന: ആഭ്യന്തരം(എൽ )വകുപ്പിന്റെ 30/06/2026 തീയതിയിലെ L4/154/2024-Home നമ്പർ കത്ത്

എറണാകുളം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എറണാകുളം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള SC/ST സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് പാനൽ തയ്യാറാക്കി നൽകുവാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുള്ളതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കുന്ന പാനലിൽ ഉൾപ്പെടുന്നതിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും BNSS സെക്ഷൻ 18(4)പ്രകാരം അപേക്ഷ ക്ഷണിക്കുന്നു. മേൽ നിർദ്ദേശപ്രകാരം അപേക്ഷകൾ **ബാർ അസോസിയേഷൻ മുഖാന്തിരം 30/07/2026 തീയതി വൈകീട്ട് 5.00 മണിക്കുള്ളിൽ പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്,എറണാകുളം മുമ്പാകെ** സമർപ്പിക്കേണ്ടതാണ്.

**യോഗ്യത :**

1)അംഗീകൃത സർവ്വകലാശാലയിൽ നിന്നും നിയമ ബിരുദം നേടിയിട്ടുള്ളവരും ബാർ അസോസിയേഷൻ അംഗത്വം ഉള്ളവരുമായിരിക്കണം.

2)ഏതെങ്കിലും ക്രിമിനൽ കോടതികളിൽ ഏഴു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

3)ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന എല്ലാ

Notice.

സർട്ടിഫിക്കറ്റുകളും(ആധാർ,ബയോഡാറ്റ, എസ് എസ് എൽ സി സർട്ടിഫിക്കറ്റ്,എൽ എൽ ബി എൽ എൽ എം സർട്ടിഫിക്കറ്റ്,എൻറോൾമെൻ്റ് സർട്ടിഫിക്കറ്റ്,ബാർ അസോസിയേഷൻ സർട്ടിഫിക്കറ്റ് ) ഹാജരാക്കേണ്ടതാണ്.

**4)**അപേക്ഷ **30/07/2026** തീയതി വൈകിട്ട് **5.00** നു മുൻപായി പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്,എറണാകുളം സമർപ്പിക്കേണ്ടതാണ്.

**#ApprovedByDesignation#**

ജില്ലാ കളക്ടർക്കുവേണ്ടി

പകർപ്പ്:

**1)** പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് , എറണാകുളം

**2)**പ്രസിഡന്റ്, ബാർ അസോസിയേഷൻ മെയിൻ ഓഫീസ് ഹൈക്കോടതി /കണയന്നൂർ/കൊച്ചി / ആലുവ / പറവൂർ / കുന്നത്തുനാട് / മൂവാറ്റുപുഴ/ കോതമംഗലം

---

***This document is electronically approved in e-Office by #ApprovedByName# on #ApprovedDate#. Hence it does not require signature in ink.***